(ബി) വകുപ്പുതലത്തിൽ ചെക്ക്ഡാം നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാല് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കൃഷിയെ പൂർണ്ണമായും സഹായിക്കാൻ പ്രാപ്യമായ കുട്ടക്കടവ് ചെക്ക്ഡാം നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃത്താല മണ്ഡലത്തിലെ കുട്ടക്കടവ് തടയണ നിർമ്മാണ ത്തിനുള്ള പഠനവേഷണത്തിനായി 10-8-2010-ന് ഉടമ്പടി വെയ്ക്കുകയും 19-8-2010-ന് പണിസ്ഥലം കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പുഴയിൽ ജലവിതാനം വളരെ കൂടുതലായതുകൊണ്ട് പഠനവേഷണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

(സി) പഠനവേഷണം നടത്തി മണ്ണിന്റെയും പാറയുടെയും സാമ്പിൾ പരിശോധനക്ക് ശേഷം രൂപരേഖ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയശേഷം പണി തുടങ്ങുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതാണ്.

മുട്ടാർപുഴയിലെ പായൽ നീക്കാൻ നടപടി

29 (2127) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ ;

(എ) പെരിയാറിന്റെ കൈവഴിയായ മുട്ടാർ പുഴയുടെ വശങ്ങളിലുള്ള പുല്ലും പുഴയിലെ പായലും നിമിത്തം വെള്ളം ഒഴുകി പോകുന്നതിന് തടസ്സം നേരിട്ട് വശങ്ങൾ ഇടിഞ്ഞു പോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പായലും പുല്ലും നീക്കം ചെയ്തു നീരൊഴുക്ക് തടസ്സമില്ലാത്ത രീതിയിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പായലും പുല്ലും അടിയന്തരമായി നീക്കംചെയ്ത് നീരൊഴുക്ക് തടസ്സമില്ലാത്ത രീതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലുവ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

30 (2128) ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ആലുവ നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly